പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *516 24/10/2011 ൽ മറുപടിയ്ക്ക്

# ആദിവാസി സുരക്ഷയും അവകാശങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭാവിയിൽ ആദിവാസികൾക്കായി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും അവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്നുറപ്പുവരുത്താൻ എന്തെങ്കിലും നടപടിക്രമം ആവിഷ്കരിക്കുന്നുണ്ടോ; | (എ) | ഭാവിയിൽ ആദിവാസികൾക്കായി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്ക തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സമയാസമയങ്ങളിൽ മോണിറ്റർ ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ ഒരു വിജിലൻസ് & മോണിറ്ററിംഗ് വിംഗ് രൂപീകരിക്കുന്നതിനെക്കുറിച്ചും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ വളരെ സുതാര്യമായി ഗുണഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ചും ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഓരോ കോളനിയിലും ഡിസ് പ്ളെ ചെയ്യുന്നതിനെക്കുറിച്ചും ഗവ: ആലോചിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | തൽക്കാലം പരിഗണനയിലില്ല. |
| (സി) | ആദിവാസി ക്ഷേമപ്രവർത്തന കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി ഉറപ്പുവരുത്തുമോ; | (സി) | ഇപ്രകാരമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം കുറ്റക്കാർക്കെതിരെ മാതൃകാപരമായ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭാവിയിലും ഇത്തരം നടപടി വീഴ്ച കൂടാതെ കർശനമായും സ്വീകരിക്കുന്നതാണ്. |
| (ഡി) | ഭാവിയിൽ ആദിവാസി സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കാനും ആവാസമേഖല യുടെ സവിശേഷതകൾ നിലനിർത്താനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഈ വിഷയത്തിൽ ആദിവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച് അവരെ പൂർണ്ണമായി ബോധവാന്മാരാക്കുന്നതിനും, അതിലൂടെ അവരുടെ അവകാശങ്ങൾ അവർക്ക് തന്നെ സ്വമേധയാ സംരക്ഷിക്കുന്നതിനും നിലവിൽ പൗരാവകാശ സംരക്ഷണനിയമം, POA ACT, അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകുന്നതു സംബന്ധിച്ച നിയമങ്ങൾ, കേന്ദ്ര വനാവകാശ നിയമം എന്നിവ ഉണ്ട്. പട്ടികവർഗ്ഗക്കാരുടെ ആവാസ വ്യവസ്ഥകളെ സംരക്ഷിക്കുന്നതിന് വനം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. ഇവർക്കായി നിയമ പരിരക്ഷ ഉറപ്പു വരുത്തുന്നതിനും, പുറമേ നിന്നുള്ള ഇടപെടലുകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ